പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1223 — 30.09.2016-ലെ മറുപടിക്ക്

## ജൻറം പദ്ധതി

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ജൻറം പദ്ധതി പ്രകാരം വാങ്ങിയ എത്ര ലോഫ്ളോർ ബസ്സുകൾ ഓടിക്കാതെ വെറുതെ ഇട്ടിരിക്കുന്നു എന്നറിയിക്കാമോ; ഇതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | കെ.യു.ആർ.ടി.സിയ്ക്ക് 615 ബസുകൾ ഉള്ളതിൽ 428 ബസുകൾ 23/09/2016-ൽ സർവീസ് നടത്തിയിട്ടുണ്ട്. സർവീസിന് യോഗ്യമായ 42 ബസുകൾ ഡ്രൈവർ, കണ്ടക്ടർ എന്നിവരുടെ അഭാവം മൂലം ഓടിക്കുവാൻ കഴിഞ്ഞിട്ടില്ല. കൂടാതെ 145 ബസുകളാണ് അറ്റകുറ്റപ്പണികൾക്കായി പിടിച്ചിട്ടുള്ളത്. അപകടങ്ങൾ മൂലം ബോഡി തകരാർ സംഭവിച്ചതും ഗ്ലാസ് പൊട്ടിയതും സമയബന്ധിതമായ അറ്റകുറ്റപ്പണികൾക്കായും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടുന്നതിനുള്ള അറ്റകുറ്റപ്പണികൾക്കുമായും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ ബസ്സുകൾ നന്നാക്കി നിരത്തിൽ ഇറക്കുന്നതിന് കെ.എസ്.ആർ.ടി.സി.എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്നറിയിക്കാമോ; ഇതുമൂലം വരുമാനത്തിൽ എത്ര കുറവാണ് കെ.എസ്.ആർ.ടി.സിയ്ക്ക് ഉണ്ടായിരിക്കുന്നത് എന്നറിയിക്കാമോ; എത്ര ലോഫ്ളോർ ബസ്സുകൾ വർക്ക്ഷോപ്പുകളിൽ കിടക്കുന്നു എന്നറിയിക്കാമോ? | (ബി) | ഈ ബസുകൾ എത്രയും പെട്ടെന്ന് അറ്റകുറ്റപ്പണികൾ തീർത്ത് നിരത്തിലിറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>2016 ആഗസ്റ്റിലെ കണക്കുപ്രകാരം ജൻറം പദ്ധതിയിൽപെട്ട ഒരു ബസ് ഓടാതെ വരുമ്പോൾ ശരാശരി 11470 രൂപ വരുമാനത്തിൽ കുറവ് ഉണ്ടാകുന്നുണ്ട്.<br>30 എ.സി ബസുകളും 115 നോൺ എ.സി ബസുകളും ഉൾപ്പടെ 23/09/2016-ൽ 145 ബസുകളാണ് വർക്ക്ഷോപ്പുകളിൽ അറ്റകുറ്റപ്പണികൾക്കായി കിടക്കുന്നത്. |

സെക്ഷൻ ഓഫീസർ